**രമേശ് ചെന്നിത്തല**
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി
കേരളം

23.12.2014.

ഈ വർഷത്തെ പുതുവത്സരം വയനാട് ജില്ലയിലെ ഗോത്രസമൂഹത്തോടൊപ്പമാണ് ഞാൻ ചെലവഴിക്കുന്നത്. ഇതിന്റെഭാഗമായി 2014 ഡിസംബർ 31, ജനുവരി 1 ദിവസങ്ങളിൽ വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകൾ സന്ദർശിക്കും. ഞാൻ കെ.പി.സി.സി പ്രസിഡന്റായിരുന്ന അവസരത്തിൽ ഈ ജനവിഭാഗങ്ങളുടെ സാമൂഹ്യാവസ്ഥയും, ജീവിതനിലവാരവും മനസ്സിലാക്കുന്നതിനും, പ്രശ്നപരിഹാരത്തിനുമുള്ള കൃത്യമായ ഇടപെടലുകൾ നടത്തിയിരുന്നു. ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ ഈ സന്ദർശനത്തെ കുറച്ചുകൂടി ഗൗരവമായാണ് ഞാൻ സമീപിക്കുന്നത്. പട്ടികജാതി - പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും, ക്ഷേമത്തിനുമായി വിവിധ പദ്ധതികളും, പരിപാടികളും, കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും, ഇതിന്റെ പ്രയോജനം വേണ്ടത്ര അളവിലും, തോതിലും ഈ അടിസ്ഥാന ജനവിഭാഗങ്ങളിലേക്ക് എത്തിപ്പെടുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. ഭരണസംവിധാനവും, പൊതുസമൂഹവും, ജനപ്രതിനിധികളും ഏകമനസ്സോടെ, ഉണർന്ന് പ്രവർത്തിച്ചാൽ ഈ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനാകുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഈ ഗോത്രവർഗ്ഗ സമൂഹവുമായി നേരിട്ട് സംവദിച്ച് ഇവരുടെ പ്രശ്നങ്ങൾ കൃത്യമായി അപഗ്രഥിക്കുന്നതിനും, നിലനിൽക്കുന്ന വികസന വിടവുകൾ (Developmental Gaps) കൃത്യമായി നിർണ്ണയിച്ച് ഭാവിയിൽ സ്വീകരിക്കേണ്ട പ്രവർത്തന തന്ത്രങ്ങളും, വികസനമാർഗ്ഗരീതിയും സംബന്ധിച്ച് ഏകദേശ ധാരണ രൂപപ്പെടുത്തുന്നതിനും ഞാൻ ലക്ഷ്യമിടുന്നുണ്ട്. നിസഹായമായ ഇവരുടെ ജീവിതാവസ്ഥയെ ചൂഷണം ചെയ്തു കൊണ്ട് ഈ വിഭാഗത്തിന്റെ സർഗ്ഗാത്മകശക്തിയെ വിധ്വംസക പ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ചുവിടാൻ നടക്കുന്ന കുത്സിതശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കേണ്ട ബാധ്യത ഭരണസംവിധാനത്തിനും, പൊതുസമൂഹത്തിനുമുണ്ട്. പോലീസ് - നിയമ നടപടികളോടൊപ്പം തന്നെ സൂക്ഷ്മമായ ഇടപെടലുകളും ഈ അവസരത്തിൽ അനിവാര്യമാണ്. ഇത് സംബന്ധിച്ച് വയനാട് ജില്ലയിൽ ഞാൻ ക്രമീകരിച്ചിട്ടുള്ള നിർദ്ദിഷ്ട പരിപാടികളിൽ താങ്കളുടെ വകുപ്പിന്റേയും, ഉദ്യോഗസ്ഥരുടേയും സജീവ പങ്കാളിത്തവും, ക്രിയാത്മകസഹകരണവും ആവശ്യമുണ്ട്. ആവശ്യമായ വിവരങ്ങളും, വിശദാംശങ്ങളും സഹിതം പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് താങ്കളുടെ വകുപ്പിന്റെ പരിധിയിലുള്ള എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

രമേശ് ചെന്നിത്തല

ഡോ. എം.കെ മുനീർ
ബഹു. പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി.

ഫോൺ– ഓഫീസ് : 0471-2333254, 2333294 ഫാക്സ് : 0471-2334648 മൊബൈൽ : 9447777100
ഇമെയിൽ : min.home@kerala.gov.in
ഓഫീസ് : റൂം നമ്പർ 131, രണ്ടാംനില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001